# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 99
28-10-2019-ലെ മറുപടിയ്ക്ക്

## ദുരിതാശ്വാസനിധിയിലേക്കുള്ള സംഭാവന

| ചോദ്യം<br>ശ്രീ.സി.കെ.ശശീന്ദ്രൻ | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| എ) സാലറി ചലഞ്ചിലൂടെ എത്ര കോടി രൂപയാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ചിട്ടുള്ളത്; | മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സാലറിചലഞ്ചുമായി ബന്ധപ്പെട്ട് സ്പാർക്ക് മുഖേന ശമ്പളം പ്രോസസ്സ് ചെയ്യുന്ന ജീവനക്കാരിൽ നിന്ന് 2019 ഒക്ടോബർ 21 വരെ 1215.96 കോടി രൂപയും, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്ന് 131.27 കോടി രൂപയും സംസ്ഥാന സർവ്വീസ്/ഫാമിലി പെൻഷൻകാരിൽ നിന്നും 12.06 കോടി രൂപയും ലഭിച്ചിട്ടുണ്ട്. കെ.എസ്.എഫ്.ഇ ഉൾപ്പെടെയുള്ള പൊതുമേഖലാ ഗ്രാന്റ് ഇൻ എയ്ഡ് ആട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും സാലറിചലഞ്ച് മുഖേന ലഭ്യമാകുന്ന തുക അതാത് സ്ഥാപനങ്ങൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ബാങ്ക്, ട്രഷറി അക്കൗണ്ടുകളിലേക്ക് പ്രത്യേകമായി നിക്ഷേപിയ്ക്കുകയാണ് ചെയ്യുന്നത്. ഇവയുടെ വിശദാംശം പ്രത്യേകമായി ലഭ്യമല്ല. |
| ബി) 2019 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ 15 വരെ എത്ര രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സംഭാവനയായി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | 2019 ആഗസ്റ്റ് മാസം മുതൽ ഒക്ടോബർ 15 വരെ 52.34 കോടി രൂപ സംഭാവനയായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചിട്ടുണ്ട്. |
| സി) പ്രളയാനന്തര പുനർ നിർമ്മാണ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2018 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ വരെ എത്ര രൂപ ചെലവഴിച്ചു; ഏതൊക്കെ മേഖലകളിൽ എത്ര രൂപ വീതം; വിശദമാക്കാമോ? | പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 2018 ആഗസ്റ്റ് മാസം മുതൽ 2019 ഒക്ടോബർ 21 വരെ 2456.22 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ താഴെപറയും പ്രകാരമാണ്.<br><br>അടിയന്തിരധനസഹായം - 457.58 കോടി രൂപ<br><br>വീടും സ്ഥലവും നാശനഷ്ടം |

| | |
|---|---|
| | സംഭവിച്ചവർക്ക് - 1814.68 കോടി രൂപ<br>കെയർഹോം പ്രോജക്റ്റ് - 52.69 കോടി രൂപ<br>കർഷകർക്ക് - 54 കോടി രൂപ<br>റേഷൻ നൽകുന്നതിന് - 63.86 കോടി രൂപ<br>പ്രത്യുത്ഥാനപദ്ധതി - 10 കോടി രൂപ<br>പാഠപുസ്തകങ്ങൾ അനുവദിച്ച് നൽകിയ വകയിൽ - 47 ലക്ഷം<br>ചെറുകിടസംരംഭകർക്ക് ഉജ്ജീവൻ പദ്ധതിപ്രകാരം - 1.50 കോടി രൂപ<br>മറ്റുള്ളവ - 1.44 കോടി രൂപ |

**അക്കൗണ്ട്സ് ഓഫീസർ**